## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 586      28.07.2015-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്ന പ്രോജക്ടുകൾ

| ചോദ്യം<br>ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ഡോ.കെ.ടി.ജലീൽ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്ന പ്രോജക്ടുകൾ എല്ലാം നടപ്പാക്കപ്പെടുന്നില്ല എന്ന കാര്യം അറിയാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇൻഫർമേഷൻ കേരള മിഷന്റെ കണക്കുപ്രകാരം, രൂപം നൽകപ്പെട്ട പ്രോജക്ടുകളുടെ ആകെ അടങ്കൽ തുകയുടെ 57.05% മാത്രമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇൻഫർമേഷൻ കേരള മിഷന്റെ കണക്കുപ്രകാരം, രൂപം നൽകപ്പെട്ട പ്രോജക്ടുകളുടെ അടങ്കൽ തുകയുടെ 67.27% ചെലവഴിക്കപ്പെട്ടിട്ടുണ്ട്. 2011-12 മുതലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയുടെ ചെലവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു.<br><br>വർഷം – ചെലവ്<br>2011-12 – 75.91%<br>2012-13 – 70.83%<br>2013-14 – 77.48%<br>2014-15 – 67.27%<br><br>ഇതിൽ നിന്നും പദ്ധതി അടങ്കൽ തുക ചെലവഴിക്കുന്നതിൽ കാര്യമായ കുറവ് സംഭവിച്ചിട്ടില്ലായെന്ന് കാണാവുന്നതാണ്. |
| (സി) | പദ്ധതിപ്പണം ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; | (സി) | വീഴ്ച സംഭവിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ ഭാവിയിൽ ഇത്തരത്തിൽ സംഭവിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ